# ദൈവത്തിന്റെ പദ്ധതികൾ തിരിച്ചറിയുക

## സദൃശ്യവാക്യങ്ങൾ 21:30

"യഹോവെക്കെതിരെ ജ്ഞാനവുമില്ല, ബുദ്ധിയുമില്ല, ആലോചനയുമില്ല."

ജീവിതയാത്രയിൽ ഒരു വർഷം പിന്നിട്ട് പുതിയൊരു വർഷത്തിലേക്ക് പ്രവേശിച്ചവരായ നമ്മെ ദൈവത്തിന്റെ വചനത്തിലൂടെ ഓർപ്പിക്കുന്നൊരു വലിയ കാര്യമാണ്, പല തരത്തിലുള്ള പദ്ധതികളും അല്ലെങ്കിൽ ജീവിതം തന്നെ ഒരു പുതുക്കത്തിന്റെ അവസ്ഥയിൽ ആക്കി പുതിയ വർഷം മുന്നോട്ട് കൊണ്ട് പോവാൻ തയ്യാറെടുക്കുന്നവരെ, ഒന്നോർക്കുക, ദൈവം ഇല്ലാതെ നിങ്ങൾ ചെയ്യുന്നതൊന്നും ഫലമണിയുകയില്ല. അതാണ് വചനത്തിൽ നാം കണ്ടത്; യഹോവെക്കെതിരെ ജ്ഞാനവുമില്ല, ബുദ്ധിയുമില്ല, ആലോചനയുമില്ല.

മനുഷ്യൻ എന്ന് പറയുന്നത് വെറും ഒരു പാഴ്വസ്തുവാണ്; എന്നാലോ അതിനെ ഏറ്റവും മേത്തരമാക്കുന്നത് ജീവനുള്ള ദൈവം അവനു നൽകിയിരിക്കുന്ന അവന്റെ സ്വരൂപവും, ജീവശ്വാസവും, ബലവും, ശക്തിയുമെല്ലാമാണ്. ഒരിക്കലും മനുഷ്യകുലത്തിന് ദൈവത്തിനെയോ ദൈവപദ്ധതികളെയോ മറികടന്ന് ഒന്നും ചെയ്യുക സാദ്ധ്യമല്ല, ഇനി അഥവാ അങ്ങനെ ചെയ്യുകയാണെങ്കിൽ അത് അവന്റെ നാശത്തിൽ തന്നെ കലാശിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. ഇതു നാം വചനഭാഗങ്ങളിൽ പലയിടത്തും കാണുന്നതാണ്. എന്നാൽ ഈ ഒരു തിരിച്ചറിവിലേക്ക് മനുഷ്യൻ കടക്കരുത് എന്ന ഉദ്ദേശ്യവുമായി സാത്താൻ നിരന്തരം നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. അതിനായി അവൻ തൊടുത്തുവിടുന്ന അസ്ത്രങ്ങളിൽ കുടുങ്ങിപ്പോവരുതെന്ന് ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നു. അതിനായിട്ടാണ് ഓരോ നിമിഷവും ദൈവവുമായിട്ട് ഒരു അടുത്തബന്ധം നാം പുലർത്തണം എന്ന് ദൈവം ആഗ്രഹിക്കുന്നത്. അതു വഴി അവന്റെ പദ്ധതികളെക്കുറിച്ച് നമുക്ക് ഒരു ധാരണ ലഭിക്കുവാനും അതിൻപ്രകാരം നമ്മുടെ ജീവിതങ്ങളെ ക്രമീകരിക്കുവാനും നമുക്ക് സാധിക്കും.

സദൃശ്യവാക്യങ്ങൾ 19:21 ൽ ഇപ്രകാരം പറയുന്നു "മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളുമുണ്ട്; യഹോവയുടെ ആലോചനയോ നിവൃത്തിയാകും."

ഇത് വാസ്തവത്തിൽ എത്ര അർത്ഥവത്തായ ഒരു കാര്യമാണ്. മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുമെങ്കിലും അന്തിമമായ തീരുമാനം നിവൃത്തിയാകുന്നത് ദൈവത്തിന്റെ പക്കൽ നിന്നായിരിക്കും. അത് അവന്റെ പദ്ധതിക്കായി സമർപ്പിക്കുന്നവർക്കു മാത്രം നടപ്പാകുന്ന ഒന്നാണ്. മറിച്ച് നാം നമ്മുടെ ഇഷ്ടങ്ങളിൽ തന്നെ ഉറെച്ചു നിന്നാൽ അത്

ദൈവ ഇഷ്ടം എന്തെന്ന് അറിയുന്നതിനു ഒരു തടസ്സമാകുകയും അതു വഴി അവന്റെ പദ്ധതികൾ നമ്മിൽ നിവൃത്തിയാകാതെ പോവുകയും ചെയ്യുന്നു. എല്ലായിപ്പോഴും ഒരു ദൈവപൈതൽ എന്നുള്ള ഒരു പദവി അലങ്കരിക്കുന്നവരായ നാം അവന്റെ കരങ്ങളിൽ ഇരുന്ന് അവന്റെ പദ്ധതികൾക്കായി നമ്മെ തന്നെ സമർപ്പിച്ചു കൊടുക്കുകയാണെങ്കിൽ അത് ജീവിതത്തിൽ എത്ര ഭാഗ്യകരമായ അവസ്ഥയാണ് എന്നത് നാം അനുഭവിച്ചു തന്നെ അറിയേണ്ട ഒരു കാര്യമാണ്.

റോമർ 8:28–39 വരെ വായിക്കുമ്പോൾ നമുക്കവിടെ കാണാം ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവന്റെ നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു മാത്രം സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു എന്ന്. അതിന്റെ തുടർച്ചയായി വായിച്ചു വരുമ്പോൾ നമുക്കതിന്റെ പൊരുൾ മനസ്സിലാക്കാൻ സാധിക്കും. പക്ഷെ അത് വാസ്തവത്തിൽ ദൈവത്തെ പൂർണ്ണതയിൽ സ്നേഹിക്കുവാനുള്ള ഒരു മനസ്സൊരുക്കം നമുക്കുണ്ടെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. അങ്ങനെയെങ്കിൽ നാം എന്തു കാര്യം ചെയ്യുന്നതിനും ദൈവത്തിന്റെ ഇഷ്ടം ആദ്യമേ അറിഞ്ഞതിനു ശേഷം മാത്രമേ അതിൽ നമ്മുടെ ഇഷ്ടത്തിനു ഇടം കൊടുക്കുകയുള്ളൂ. മറിച്ചാണെങ്കിൽ അത് നമ്മെ വലിയൊരു പരാജയത്തിലേക്ക് നയിക്കും എന്നതിൽ യാതൊരു സംശയവുമില്ല.

നമ്മുടെ സൃഷ്ടാവാം ദൈവം നമ്മെ സ്നേഹിക്കുകയും നമുക്കായി അനേകപദ്ധതികൾ ഒരുക്കിവെച്ചിരിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇന്ന് നാം എത്രമാത്രം അത് വിശ്വസിക്കുകയും ആ പദ്ധതികൾ വെളിവാക്കി കിട്ടുന്നതിനായി ദൈവത്തോട് എത്രമാത്രം ഒരു അടുത്ത ബന്ധം പുലർത്തുന്നുണ്ടെന്നും നമ്മുടെ ഹൃദയങ്ങളെ ശോധന ചെയ്തു നോക്കുക. ഈ പുതുവർഷത്തിന്റെ ആദ്യ ദിനം പിന്നിടുമ്പോൾ നമുക്കതിന് സാധിക്കട്ടെ എന്നും ദൈവം അതിനു നമ്മെ ശക്തീകരിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം :**

**എഫേസ്യർ 1:3**

"സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ."

**ബ്രദർ ബിനു ബേബി ആലപ്പുഴ 065**